O32:1N0592:11 H7 ŪRVASI NAYAR

MURUGAN BINDING
WORKS,
164, MINT STREET,
G. T., MADRAS.

MUL
135824

Madras University Library.

Call Number 032:1N0592:11

Accession Number 135824 H7

Available for loan from

This book should be returned on or before the date last marked below.

APR.

| | | | |
|---|---|---|---|
| | | | |

1.

nda Press, Madras—10,000—19-1-48.

# ഉർവ്വശി

Urvasi

UNIVERSITY LIBRARY,
13 DEC 1947
MADRAS.

ഗ്രന്ഥകർത്താ:

ടി. ആർ. നായർ

T. R. Nair

ഒന്നാംപതിപ്പ് കോപ്പി 500

T. R. Nair

വില 12 അണ.

---

എല്ലാ പ്രതികളിലും ഗ്രന്ഥകാരന്റെ മുദ്രയുണ്ടായിരിക്കും

Printed at
THE MANGALODAYAM PRESS
TRICHUR

135824
032:IN0592:11
H7

UNIVERSITY LIBRARY
13 DEC 1947
MADRAS.

## ആമുഖം

ഔദ്യോഗികജീവിതത്തിൽ അത്യുന്നതമായ സ്ഥാനം കരസ്ഥമാക്കി മഹാരാജാവു തിരുമനസ്സിലെ തൃക്കയ്യിൽനിന്നു് വീരശൃംഖലയും മററും വാങ്ങിയ വന്ദ്യദേഹവും സാഹിത്യരസികന്മാരിൽ അഗ്രേസരനുമായ റാവുസാഹിബ്ബ് കോമാട്ടിൽ അച്യുതമേനവൻ അവർകഠം ഒരിക്കൽ വിനീതവിധേയനായ ഞാനുമായി സാഹിത്യവിഷയകമായ ഓരോ കാൎയ്യങ്ങഠം സംസാരിച്ചുകൊണ്ടിരിക്കുമ്പോഠം ആണു് 'ഉൎവ്വശി'യുടെ ഇതിവൃത്തത്തിന്നു് അടിസ്ഥാനമായ ഒരു കഥ എനിക്കു കിട്ടിയതു്. ഈ ലഘുകൃതിയിലെ ഒടുവിലത്തെ ഖണ്ഡിക ഏതാനും അദ്ദേഹം പറഞ്ഞുതന്ന ആംഗലേയകവിയുടെ കവിതയുടെ അനുകരണമാണു്. പിന്നെ ഈ ചെറുകാവ്യത്തിൽ കാണുന്ന കഥകളും കല്പനകളും എല്ലാം എന്റെ ഭാവനയ്ക്കു് വിഷയങ്ങളായിട്ടുള്ളവയാകുന്നു.

വിചാരപൂൎവ്വകവും വികാരജനകവും രസാത്മകവുമായ ഒരു ചെറുകാവ്യംതന്നെ നിൎമ്മിക്കുന്നതിന്നും, അതിൽ ശബ്ദാൎത്ഥങ്ങളുടെ തുല്യഭംഗി വരുത്തുന്നതിന്നും ഏററവും പ്രയാസമുണ്ടെന്നു് കവിമാൎഗ്ഗദൎശികഠംക്കു മാത്രമറിയാം. പ്രാചീനാൎവ്വാചീനങ്ങളായ പ്രസ്ഥാനവിശേഷങ്ങളെ രണ്ടിനേയും മനസ്സിലാക്കി കലയ്ക്കു് സൌകൎയ്യം കിട്ടുവാൻ ആവുന്നത്ര പണിയെടുക്കണം; അങ്ങനെയായാൽ മാത്രമേ അതു് കവിതയാവുകയുള്ളു എന്നു

വിചാരിച്ചുവരുന്നവരിൽ ഒരാളാണ് ഞാൻ. അത്തരത്തിലുള്ള മനഃസ്ഥിതിയാകുന്ന മുകുരത്തിൽക്കൂടി നോക്കുമ്പോൾ എൻെറ 'ഉർവ്വശി'യെ ഒളിചിതറുന്ന ഒരു ആദശ്ദീപികയായി കാണുവാൻ കഴിയുമെന്നാണ് തോന്നുന്നത്.

"പുരാണമിത്യേവ ന സാധു സർവ്വം
നചാപി കാവ്യം നവമിത്യവദ്യം"

എന്നു പാടിയ മഹാകവിയെ സ്മരിക്കുമ്പോൾ എനിക്കു ധാരാളം സമാധാനമുണ്ട്.

മഹാരാജമാന്യരാജശ്രീ കടത്തനാട്ട് ശങ്കരവർമ്മത്തമ്പുരാൻ തിരുമനസ്സിലെപ്പററി ഇയ്യുള്ളവൻ എന്തു പറയാനാണ്? ന്യായശാസ്ത്രസാഗരം നീന്തിക്കടന്ന മഹാപണ്ഡിതനും സാഹിത്യരസികന്മാരിൽ മൂർദ്ധാഭിഷിക്തനും വൈണീവിദഗ്ദ്ധനുമാണ് അവിടുന്ന്. ആ പൊന്നുതിരുമേനി ശിഷ്യനിർവ്വിശേഷമായ വാത്സല്യത്തോടുകൂടി എന്നെ ഉപദേശിച്ചനുഗ്രഹിച്ച് ഈ ഖണ്ഡകാവ്യത്തിന്നു വിലയേറിയ ഒരു അവതാരിക എഴുതിത്തന്നതിന്നും അവിടുത്തോടും ഈ ചെറുകാവ്യത്തിൻെറ ഇതിവൃത്തം നിർദ്ദേശിച്ചുതന്ന മി. അച്ചുതമേനവനോടും ഇയ്യുള്ളവന്നുള്ള നന്ദിബഹുമാനങ്ങൾ വാചാമഗോചരങ്ങൾതന്നെ.

ടി. ആർ. എൻ.

UNIVERSITY LIBRARY
13 DEC 1947
MADRAS.

# അവതാരിക

## ഉർവ്വശി

'ഉർവ്വശി' ഇതെത്ര ഉൽബോധകം. ഇന്ദ്രലോകത്തിലെ ഉർവ്വശി, കഥകളിയിലെ ദമയന്തി അനന്തന്റെ ഉർവ്വശി, കലാമണ്ഡലത്തിലെ സാരിയുടുക്കുന്ന ഉർവ്വശി തുടങ്ങി എത്ര ഉർവ്വശിമാരാണ് ഉടനടി അക്ഷികൾക്കു ലക്ഷീഭവിക്കുന്നതു്. എന്നാൽ അത്തരത്തിൽപ്പെട്ടതല്ല പ്രകൃതത്തിലെ ഉർവ്വശി. കവിതക്കാരനും കൊച്ചുമിടുക്കനുമായ ശ്രീമാൻ ടി. ആർ. നായരുടെ സ്വന്തം ഉർവ്വശിയാണ് ഇതു്. സ്വാരസ്യത്തോടുകൂടി സാഹിത്യരംഗത്തിലേയ്ക്കു കയററി വിട്ടിരിയ്ക്കുയാണ്—നമുക്കു നോക്കി രസിക്കുക—

ഈ ഉർവ്വശിയെ ഞാൻ കണ്ടു. പുതിയ തരത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള ഉർവ്വശിയെ സരസഹൃദയന്മാരും സഭ്യന്മാരുമായ സഹൃദയന്മാരെ ഒന്നു പരിചയപ്പെടുത്തുക മാത്രമാണ് ഞാൻ ചെയ്യുന്നതു്. ഈ വധു ആറാം കേമിയാണെന്ന പരമാൎത്ഥം പ്രഥമമായിത്തന്നെ പ്രസ്താവിച്ചുകൊള്ളട്ടെ. അണിയറയിൽനിന്ന് ഒക്കുംപോലെ തയ്യാറാക്കി കാവ്യരംഗത്തിലേയ്ക്കു കയററിവിട്ടതു രസികത്തംകൂടിയ കൊച്ചുമിടുക്കൻ മിസ്റ്റർ ടി. ആർ. നായരാണെന്നുംകൂടി പറഞ്ഞാൽ കാൎയ്യം കുറേക്കൂടി വെളിവാവുകയും കഴിഞ്ഞുവല്ലോ.

വൈദൂഷ്യവിഷയത്തിൽ ഇന്നു് എണ്ണപ്പെടാവുന്ന മൂന്നു നാലു ദിഗ്ഗജങ്ങളുടെ കൂട്ടത്തിൽ മഹാഗംഭീരനും

കൊച്ചി മഹാരാജവംശത്തിൽ യൌവരാജ്യാഭിഷിക്തനു മായ പരീക്ഷിത്തു കുഞ്ഞുണ്ണിത്തമ്പുരാൻ തിരുമനസ്സിലേയും, സാക്ഷാൽ ബ്രഹ്മശ്രീ മാന്തട്ട കുഞ്ചുനമ്പൂരിയുടേയും മററും അന്തേവാസിത്വത്തിൽ ഇരുന്ന ആളാണു് ഗ്രന്ഥകാരൻ എന്നു വരുമ്പോൾ ആ ടി. ആർ. നായരുടെ വ്യുൽപത്തിവൈചിത്ര്യവും വിശദമായല്ലോ.

ഇനി കഥയിലെ ഉർവ്വശിയെ കണ്ടുകിട്ടിയതോ— അതു നല്ലവഴിയിലൂടെയാണുതാനും. ഉദ്യോഗപരമ്പരകളിൽ ഇരുന്നു ക്രമത്തിൽ കയറിക്കയറി കുറച്ചുനാൾ കൊച്ചി ദിവാൻജിപദവും അലങ്കരിച്ച കേരളമെങ്ങും കേളി മുളിച്ച മി. കോമാട്ടിൽ അച്ചുതമേനവൻ എന്ന സാഹിത്യരസികൻമുഖേന ആംഗലേയഭാഷാമന്ദിരത്തിൽനിന്നും നമ്മുടെ ഗ്രന്ഥകൃത്തിന്നു കിട്ടിയതാണത്രേ.

'ഉർവ്വശി' അവന്തിരാജാവിൻെറ സീമന്തസന്താനമാണു്. ഏകപുത്രീവിഷയവും.

"ഹിമാചലംതൊട്ടഥ സേതുവോളം
ക്രമാൽ തിരഞ്ഞീടിലുമിത്രമാത്രം
അമായസൌന്ദൎയ്യഗുണം തികഞ്ഞ
കുമാരിയെക്കാൺമതസാദ്ധ്യമത്രേ."

സരസകവിയായ ഒടുവിൽ കുഞ്ഞികൃഷ്ണമേനവൻ പറഞ്ഞതു് എത്രമാത്രം ഇവിടെ കൊള്ളുന്നു!

അംഗഭംഗിയിലും കലാനൈപുണ്യത്തിലും മഞ്ജുളമായ പദവിന്യാസത്തിലും ആ വധൂരത്നം അന്യാദൃശം പ്രശോഭിച്ചിരിക്കയാണു്.

"നളിനമിഴി, തെളിഞ്ഞൊരമ്പിളി-
പ്പൊളിനറുനെററി, മിളിന്ദകുന്തളം,
കളിയൊഴുകിന തങ്കമേനി, വെൺ-
പുളിനനിതംബമിതൊക്കെ മോഹനം!"

ഇങ്ങിനെ ഗ്രന്ഥകാരൻ അംഗവൎണ്ണനവും മററും അടിച്ചുകൊണ്ടു പോവുകയാണു്.

ആവിധം അവയവസൌന്ദൎയ്യസമ്പൂൎത്തിയിൽ എവിടേയും എതിരില്ലാതേയും അതിന്നനുരൂപനായ വരനെ അച്ഛൻതന്നെ അനേകം തവണ അന്വേഷിച്ചിട്ടും ലഭിക്കാതേയും ഇരിക്കുമ്പോഴാണു്, അവിടെത്തന്നെ അടുത്തുള്ള ഒരു ഏഴയായ പൌരൻ ആ യുവതിയിൽ അനുരക്തനായതും അവർ അന്യോന്യം അന്തരംഗവരണം കഴിച്ചതും. ആൾ പുറന്തൊലിയിൽ പച്ചക്കാമദേവനുമാണു്.

"തരുണനൊരുവനുണ്ടു രാഗിയാ-
ത്തരുണിയിലാപ്പുരിയിങ്കൽ മോഹനൻ
സുരുചിരരവരെച്ചമച്ച തൻ-
വിരുതിൽ വിരിഞ്ചി രസിച്ചു നാൾക്കുനാൾ."

ഉൎവ്വശി എത്ര കേമിയാണെന്നു നോക്കുക!

"കുവലയ,മവളാ വരാംഗി കൺ-
കുവലയമാലികകൊണ്ടു കെട്ടിയാൽ,
അവയവമണുവൊന്നനക്കുകി-
ല്ലവനതമങ്ങിനെതന്നെ നിന്നുപോം!"

ആ തരത്തിലുള്ള കാലത്തിലാണു് ഈ വധൂവരന്മാരുടെ വിലാസയോഗം.

"മിഴിമുനയിരുപേർകൾ വേണ്ടതാം
വഴിയിൽ വിതച്ചൊരു രോമഹർഷണം
കഴിവിനൊടു മുളച്ചു കൊയ്യുവാ-
നൊഴിവുകൾ കാത്തു കഴിച്ചു നാളുകൾ."

പ്രഥമരസത്തിൻെറ പ്രാധാന്യത്തിൽ ഈ ഏഴയു മായുള്ള 'ചാക്ഷുഷപ്രീതി'യുടെ സമ്പ്രദായം വർണ്ണിച്ചതും നോക്കുക!

"പലതവണ വരും യുവാവു പോം
ചില ദിവസം മലർനുള്ളിനിന്നു പോം!
അലസമിഴിയതുറവുനോക്കി ഭ്രൂ-
വലമഥനോത്തമവാടികയ്ക്കകം."

ഈ വഴിക്കു് ഇവൾ കാമാതുരയായി കഴിക്കുന്ന കാഴ്ചയും കമനീയമായിരിക്കും.

"ദ്യുമണി ദിവി രമിച്ചുവന്തിഭ്രൂ-
രമണവിമാനവിശാലഭിത്തിമേൽ
വിമലതരമരീചിയാലെ വി-
ദ്രുമമണിമാലയണിഞ്ഞു നമ്രനായ്!"

തമ്പുരാൻ തിരുമനസ്സിലെ കാമനസ്സന്താനമല്ലേ; സഖ സാന്ത്വനങ്ങളും ചിത്രതരങ്ങൾ തന്നെ.

"മദനശിതശരങ്ങളാൽദ്ദുരാ-
സദരുജപൂണ്ട സഖീവതംസയെ,
സദയഹൃദയസന്ധ്യ—യിന്ദുവാർ—
വദനഹിമാശ്രു പൊഴിച്ചു മേല്ക്കുമേൽ.

പൂത്തുമലരുടൽ വാടിടാതെയ—
ന്നതുവരെ മേടയിൽ മിന്നിയോമലാൾ
കുതുകമൊടു വിയത്തിലല്ല മൃ-
ത്സതുലവിലാസിനിയന്തിപോലവേ."

വരരും ചില്ലറപ്പുള്ളിയല്ല—
"നിശാകരാനന്ദദസുന്ദരാനനൻ
വിശാലനീലോല്പലലോലലോചനൻ
കൃശാനുതേജസ്സ്വിയുലാത്തുമന്തിയിൽ
കൃശാതപംപൂണ്ട പുരാന്തവീഥിയിൽ."

ആ തരുണൻെറ ബദ്ധപ്പാടോ—
"ഇടയ്ക്കിടയ്ക്കീ മണിമേടമോളിലാ-
യിടയ്ക്കു നീലാഞ്ജനമഞ്ജുകുന്തളൻ,
വിടന്ന നേത്രത്തോടു നോക്കി നോക്കിയും
നടന്നിരുന്നു മമ ജീവനായകൻ!"

ഏതോ എത്രയും അധോഭാഗത്തിലുള്ള അഥമ നോട്ടക്കുടിയാണ് ആത്മപുത്രിയുടെ പോക്ക് എന്നുവെച്ച് അവന്തിരാജശ്രേഷ്ഠനായ അച്ഛൻെറ—
"ധരാതലത്തിൽപ്പടരുന്ന വൈരിഭീ-
കരാന്ധകാരം കരശക്തികൊണ്ടു ഞാൻ
നിരാമയം നീക്കിയ ദീപ്തിമദ്ദിവാ-
കരാഭനിന്നേവരെ വെന്ന മന്നവൻ."

നില നോക്കു!

അങ്ങിനെ ശൃംഗാരത്തിൽനിന്നും വീരത്തിലേയ്ക്കു കൊണ്ടുപോയി ഒടുവിലൊടുവിൽ അത്യന്തം ഭയാനകത്തിൽ കൃതി അവസാനിപ്പിയ്ക്കുന്നു.

കഥാഗ്രന്ഥനത്തിൻെറ കൌതുകം കാണികൾക്കുണ്ടുതന്നെ അനുഭവിയ്ക്കട്ടെ. ഇന്നത്തെ പരിഷ്കൃതലോകത്തിന്നു് ഇത്തരം സമാപനത്തിലാണല്ലോ ബുദ്ധിയുടെ പോക്കു.

ആകെക്കൂടി നമ്മുടെ ടി. ആർ നായരുടെ ഉർവ്വശി കൊട്ടിക്കലാശിച്ചു എന്നേ പറയേണ്ടൂ. ഇതല്ലേ വിഷയവിലാസവിശേഷം.

"അന്യഥാ ചിന്തിതം കാര്യം
ദൈവമന്യത്ര ചിന്തയേൽ"

ഇതു് നമ്മുടെ ടി. ആർ. നായരുടെ ഉർവ്വശിവഴിയ്ക്കു് ഇനിയും ലോകത്തിന്നു് പാഠമാവട്ടെ! ഗ്രന്ഥകർത്താവിനെ ജഗന്നിയന്താവു് അഭംഗമംഗളങ്ങളെക്കൊണ്ടു് അകം കനിഞ്ഞു് അനുഗ്രഹിയ്ക്കട്ടെ!

എന്നു്,

കടത്തനാട്ടു് എ. കെ. ശങ്കരവർമ്മ തമ്പുരാൻ.

UNIVERSITY LIBRARY
13 DEC 1947
MADRAS.

# ഉർവ്വശി

I

കനകമണിമനോജ്ഞമേടപു-
ക്കന്നല്ല,മറ്റുകമന്നമേകയായ്
കനലുടലൊളിവീശിയോമലുൾ-
ക്കനമലിയിച്ചു വസിച്ചിതുർവ്വശി.

2

അഴലണുവുമെഴാതെ നീലവാർ-
കുഴലി, ലസിച്ചു നിലാവുപോലവേ
അഴകൊഴുകിന ഭിത്തിമേൽസദാമെയ്
നിഴൽമിഴികൊണ്ടു മുകർന്നു ലാത്തിനാൾ.

3

വിലയുടയ വിതാനമേത്തുമാ-
വിലത വരാത്ത വരാന്തയിങ്കലും
വിലസിത്മണിമച്ചിനുള്ളിലും
വിലസി വിലാസിനി വിശ്വമോഹിനി.

4

സ്മരവിജയപതാകയാകുവോ-
രരചകുമാരിയെ വേട്ടുകൊള്ളുവാൻ
വരനനുഗുണനില്ല ഭൂമിയിൽ-
സ്സരസിജലോചന ലോകസുന്ദരി!

5

നളിനമിഴി, തെളിഞ്ഞൊരമ്പിളി-
പ്പൊളിനറുനെററി, മിളിന്ദകുന്തളം,
ഒളിയൊഴുകിന തങ്കമേനി, വെൺ-
പുളിനനിതംബമിതൊക്കെ മോഹനം!

6

അവിടെ,യവളുവന്തിയെന്ന പേർ
ഭുവി പുകഴും പുരിയിങ്കലുർവ്വശി
അവികലസുഖമാസ്വാദിച്ചുകൊ-
ണ്ടവിരളകോമളയായ് വിളങ്ങിനാൾ.

7

മികവുടയൊരു തൻനിലയ്ക്കുമാ
മകളുടെ മെയ്യണിമഞ്ജിമയ്ക്കുമായ്,
തികവൊരു വരനെത്തിരഞ്ഞു ക-
ണ്ടകമലിവാനവനീശനാശയായ്.

8

വശിഹൃദയമുലച്ചു വെല്ലുമു-
ർവ്വശിയുടെ വിസ്മയനീയശോഭയാൽ,
നിശി, തരുണരടച്ചതില്ല കൺ,
നിശിതസുമായുധബാധ കാരണം.

9

വിലസിതമണിമാളികയ്ക്കു കീഴ്-
നിലയരികെ നടകൊൾകെ തിങ്കളും
ജലദവുമണവില, ലജ്ജ,ത-
ജ്ജലജവിലോചനതന്നദർശനാൽ.

10

മധുവിലളിയൊളിച്ചിരുന്ന പൂ-
മധു മുകരും മലർമഞ്ജുവാടിയിൽ
മധുപചികുര തോഴിയോടു ത്തു-
മധുരവചസ്സരിയാടി മേവിനാൾ.

11

തരുണനൊരുവനുണ്ടു രാഗിയാ-
ത്തരുണിയിലാപ്പുരിയിങ്കൽ മോഹനൻ;
സുരുചിരരവരെച്ചമച്ചു തൻ-
വിരുതിൽ വിരിഞ്ചി രസിച്ചു നാൾക്കുനാൾ.

12

'രമണ'നവനതാണു പേർ മഹീ-
രമണസുതസ്ഥനുരൂപനാപ്പുമാൻ
ക്ഷമയിലൊരു ദരിദ്രഗേഹമാ-
സ്സുമധുരഭാവനജന്മപാവനം.

13

അലസമിഴി ലസിച്ചിതപ്സരോ-
ലലനകളും തലതാഴ്ത്തിടുംവിധം
അലമവനുമനന്തചിന്തയാ-
റലകളിൽ ബിംബിതയമ്പിളിക്കല.

14

കളികടലു കടഞ്ഞെടുത്തതൻ
തളിരുടലിൽ പ്രണയാകുലൻ പുമാൻ
കളിവിൽ മരുവിയെന്നറിഞ്ഞതി-
ല്ലളികുലകോമളനീലകുന്തള.

15

'അവനിയിലനവദ്യനേതൊരാ-
ളിവളുടെ മേനി പുണൎന്നിടേണ്ടവൻ?'
അവളനിശമഹന്തയോൎത്തു മ-
ന്നവമകളുൎവ്വശി മംഗളാംഗിയാൾ.

16

തനതുസുകൃതമഞ്ജുകുഞ്ചികാ-
തനയ തുളുമ്പിയ രാമണീയകം,
അനവരതമറിഞ്ഞു കാന്തചി-
ന്തനയല നീന്തി നരേന്ദ്രമാനസം.

17

ക്ഷണമനു നൃപപുത്രിയാളിലുൽ-
ബ്ബണസുഷമാഝരി തൂകിടുംവിധൌ,
അണമുറിയുമനൎഗ്ഗളാമല-
പ്രണയമൊഴുക്കിയിരുന്നു കാമുകൻ.

18

ഉടനുടനുയരുന്നൊരുൽക്കട-
ക്കടലലമാലകണക്കഹൎന്നിശം
സ്ഫുടതരമനുരാഗമേറിയാ-
യിട, യുവഹൃത്തു വിടൎന്നു മേല്ക്കുമേൽ.

19

കനകലതകണക്കു മിന്നുമം-
ഗനയുടെ മംഗളകോമളാംഗകം
മനതളിരു നിറച്ചു പോക്കിയാ-
വിനയമവൻ പല ലാക്കുനോക്കിനാൻ.

20

ലലന, മണിനിലത്തു ദാവണി-
ത്തല, തഴകെത്തളിരംഗവാരൊളി,
വിലസിയൊഴകിയന്നു ലാത്തുമാ
നിലയവനങ്ങിനെ നോക്കിനിന്നുപോയ്!

21

'രമണ'നൊരു നിലാവിലാ മനോ-
രമമണിമങ്കയെയോത്തു രാത്രിയിൽ
സുമവനികയിലന്നു തോഴനൊ-
ത്തമരുകയാണനുരാഗതുന്ദിലൻ.

22

'അമല'നൊടവനോതി— "യെൻസുഹൃ-
ത്തമ! ഭുവനങ്ങളിലേതു കോണിലും
സുമതികളിലൊരാളുമില്ലയാ-
സ്സുമസമസുന്ദരിപോലൊരോമലാൾ.

23

കുവലയ,മവളാ'വരാംഗി കൺ-
കുവലയമാലികകൊണ്ടു കെട്ടിയാൽ,
അവയവമണുവൊന്നനക്കകി-
ല്ലവനതമങ്ങിനെതന്നെ നിന്നുപോം!

24

കുഴലു പുഴയലസ്സുമാക്കണം-
കഴലുകലന്നൊരു കൊച്ചുറാണിയെ,
അഴകിലൊരു തൊടിസ്സിടസ്സു പൊൻ-
നിഴലുകണക്കൊരുവേള കണ്ടു ഞാൻ.

25

അമൃതസരസി,യാ വരാംഗിതൻ
വിമലവപുസ്സതിലൊന്നു മുങ്ങുവാൻ,
മമ മനമുഴറുന്നു തോഴ! ഞാ-
'നമല'! കഥിക്കണമെന്തു ചെയ്യണം?

26

കണികയുമഴലേശിടാതെയാ-
ഗ്ഗുണിതസുഖാനുഭവോന്മദാകുല,
മണിയറയിൽ മഹീശ്വരന്റെ കൺ-
മണിമകൾ മേവിയഴിക്കസാലയിൽ.

27

കുഴലിണ തഴകുന്ന നീലവാർ-
കുഴലിഴ കോലിന കോമളാംഗിയാൾ,
മഴമുകിലൊളിമിന്നൽ—മേശവി-
ണ്ണഴകിലണിഞ്ഞലർമാല കോക്കയാം.

28

മലരിതളുകൾകൊണ്ടു നൊന്തിടാ-
തലസമലാംഗുലി ലോലപാണിയാൽ,
ജലജമിഴി രചിച്ചമാല ക-
ണ്ഠലമലിവാൻ രസിച്ചിരിക്കയാം.

29

അനഘകുലമഹത്വമാനിയാം
ജനകനെഴും മതമോർത്ത നന്ദിനി,
ധനവിഭവസുഖാഢ്യ കാണികൾ-
ക്കനവരതോന്മദമേകിയോമലാൾ.

30

സ്മരസരസി വിരാജമാനയായ്
വരണമട്ടത്തൊരു രാജഹംസിയാം
അരമനയിൽ വസിച്ചിരുന്നു കൊ-
ച്ചരചകുമാരിക രാഗമെന്നിയെ.

31

സതതമനവരുദ്ധമൂഴിയിൽ-
ക്കതകു തുറന്നണയുന്ന യോഗമേ!
അതനുമദവിലാസിയായ നിൻ-
മതമെവനാണു നിരാകരിക്കുവാൻ?

32

വിമലഹൃദയദർശനീയ ത-
ദ്രമണയുവപ്രിയപുണ്യദർശനം
കമനിയൊരു ദിനം ലഭിക്കവേ
കിമപി വികാരമറിഞ്ഞിരിക്കണം.

33

മികവുടയ മഹീശ്വരന്റെ പൊൻ-
മകൾ മണിമേടയിൽ വീണ മീട്ടവേ,
അകമലിയവെ വീഥിയൂടെ പോയ്
പുകളെഴുമാ പ്രിയനോമൽ കാണവേ.

34

മിഴിമുനയിരുപേർകൾ വേണ്ടതാം
വഴിയിൽ വിതച്ചൊരു രോമഹർഷണം
കഴിവിനൊടു മുളച്ചു കൊയ്യുവാ-
നൊഴിവുകൾ കാത്തു കഴിച്ചു നാളുകൾ.

35

പല തവണ വരും യുവാവു പോം
ചില ദിവസം മലർ നുള്ളി നിന്നുപോം!
അലസമിഴിയതുറ്റുനോക്കി ഭ്രൂ-
വലമഥനോത്തമവാടികയ്ക്കകം.

36

ഉലകുടയവനുള്ള കൈവിറ-
ച്ചലമുടവാളു ചിരിച്ചിരിയ്ക്കണം!
വിലസിന നവരാഗലാസ്യമാ
നിലയറിയാതരികത്തുതിക്കവേ.

37

വിജനമുറിയിലേകയേകദാ
നിജമലർമഞ്ചമലങ്കരിക്കവേ
സുജലജമിഴി കണ്ടു, കോമളാ-
ണ്ഡജമണിചഞ്ചുവെടിഞ്ഞ ലേഖനം.

38

മിഴിമലർമുനകൊണ്ടു മഞ്ജുപൊ-
ന്നഴിജനൽ നോക്കുവതിന്നു മുന്നമേ
കഴിവൊട്ടു കിളി, വന്നപോലെ വിൺ-
വഴിയെയുയർന്നു പറന്നദൃശ്യനായ്.

39

അതിലെഴുതിയിരുന്നതക്ഷരം-
പ്രതിയവൾ നോക്കിയിരുന്നു തെല്ലിട
അതിർകവിയുമനന്തചിന്തയാൽ
മതിമുഖമൊന്നു വിളത്തു ദീനയായ്.

UNIVERSITY ... MADRAS. 13 DEC 1947

40

മനമുടനെയുലഞ്ഞു മന്നനോ-
മനമകുളങ്ങിനെയമ്പരന്നുപോയ്!
മനസിജനലരമ്പു പാവി, പാർ-
മുനമുള്ള, മാനിനി മേനി മൂടവേ.

41

അരമനയിൽ വളർന്ന ധീരയാ-
യരമനവശ്യയധീരദർശന
അരമണസുഖയായിരുന്നു മ-
ന്നരമണ പൊട്ടിയൊരാറുപോലെയായ്.

42

കുറുനിരകൾ പതിഞ്ഞ ചന്ദന-
ച്ചെറുകുറി മാഞ്ഞൊരു മഞ്ജുനെറ്റിമേൽ
നറുമണികൾ നിറഞ്ഞു, മേനിമാൺ-
മ്പറുമലരമ്പപതാക മണ്ടിനാൾ.

43

മലർകണകൾ ചൊരിഞ്ഞു മാധവ-
ന്നലസത ചേർത്തൊരനംഗ! വെന്നു നീ!
ഉലകു തവ കുഴല്ക്കു കാർമുക-
ത്തല കുനിയെക്കനിയുന്നു കാണുക!

44

“രമണിമണി! മനോജ്ഞവേണി! ഭ്ര-
രമണ്ണനു കണ്ണിനു വെണ്ണിലാവു നീ
സുമധുരഭവദീയരാഗമീ
ക്ഷമയിൽ നമുക്കുവലംബമോമനേ!

135824
032:1N0592:11
H7

45

അഴലലയിലുഴന്നൊരേഴ, കാർ-
കുഴലി! യലക്ഷ്മണനോമലാൾക്കു ഞാൻ
പിഴ കരുതരുതെന്റെ പേരിൽ നിൻ-
കഴൽ മമ മോഹനദർശനേ! തുണ.

46

ഇടറിയിടറിയന്നു കണ്ണുനീ-
രിടയിലുതിർന്നു പരന്നു ചെമ്മഷി,
ഉടനെഴുതിന കാന്തലേഖമ-
സ്ഫുടലിപിയുർവ്വശി നോക്കി വിഹ്വല.

47

അവനതമുഖിയായിരുന്നു തെ-
ല്ലവൾ മലർമഞ്ചതലത്തിലോമലാൾ
അവശഹൃദയ വേർത്തു തൽക്ഷമാ-
ധവസുത ദീന കിടന്നു വിക്ലമാൽ.

48

ദ്യുമണി ദിവി രമിച്ചുവന്തിഭ്-
രമണവിമാനവിശാലഭിത്തിമേൽ,
വിമലതരമരീചിയാലെ വി-
ദ്രുമമണിമാലയണിഞ്ഞു നമ്രനായ്!

49

അളികബരിയഴിഞ്ഞു തിങ്കൾ വെൺ-
കുളിർമണിനെറ്റിയിൽ വേർപ്പണിഞ്ഞുമേ
തളിരുടലു കിടത്തി മെത്തമേ-
ലൊളികെട്ടമുർവ്വശി ദീനദീനയായ്.

50

തുടുകവിളണികാർമുകിൽക്കചം
തൊടുവൊരു തങ്കനിറം കലൎന്നവൾ
തൊടുകുറിയുഡുവോടു സന്ധ്യ പൊ-
ന്നുടുപുടവപൂണ്ടു നഭസ്സിൽ മിന്നിനാൾ.

51

മദനശിതശരങ്ങളാൽ ദുരാ-
സദരുജപൂണ്ട സഖീവതംസയെ,
സദയഹൃദയ സന്ധ്യയിന്ദുവാർ-
വദന, ഹിമാശ്രു പൊഴിച്ചുകാണവേ.

52

പുതുമലരുടൽ പാടിടാതെയ-
ന്നതുവരെ മേടയിൽ മിന്നിയോമലാൾ
കുതുകമൊടു വിയത്തിലല്ലുമ-
ന്നതുലവിലാസിനി യന്തിപോലവേ.

II

53

വരാനുരാഗാകുലയായൊരിക്കലാ-
ഌരാന്തികാരാമതലത്തിലന്തിയിൽ
സ്മരാത്തയായ്ത്തോഴിയുമൊത്തിരിപ്പു താ-
മരാദ്ര്രമ്യാസ്തരണത്തിലുൎവ്വശി.

54

കണം തണുത്തംബുപൊഴിഞ്ഞു കങ്കണ-
കപണം കലൎന്നുള്ള കരാംബുജത്തിനാൽ
മണംതകും തെന്നലിണങ്ങി വീശിയുൽ-
ബ്ബണം തുണച്ചുററൊരു കൊച്ചുതോഴിയാം.

55

തുടൎന്നുകൊണ്ടാം മൊഴി തോഴിതന്നിളം-
തുടയ്ക്കുമേൽത്തൻ തലവെച്ചു തയ്യലാം
തടഞ്ഞു കണ്ണീരകമേ തളൎന്നു പെൺ-
തിടമ്പെവന്നമ്പരുളീല തപ്തയായ്.!

56

വരാംഗലാവണ്യവിലാസിനീമണി!
സ്മരാംഗനാമംഗളമഞ്ജുളാംഗി നീ.
വരാംഗമെന്നംഗസമം വരണ്ടതായ്
വരാം ഗളാന്തൎഗ്ഗളദശ്രുവോൎക്കുക!

57

അറയ്ക്കകം പുക്കളിവേണി! പൂക്കലും ഞാൻ
മുറയ്ക്കുടുത്താമന മാല കോക്കവേ,
പുറത്തുനിന്നങ്ങിനെയപ്പിറാവുടൻ
പറന്നുവന്നു മമ കത്തു തന്നു പോയ്!

58

സ്മരൻെറ സൌവണ്ണവിലാസമോഹനാ-
ക്ഷരം തെളിഞ്ഞുള്ള തദീയലേഖനം
കരഞ്ഞുമാനന്ദഭരാശ്രുവാൽ നന-
ഞ്ഞൊരന്തിവാനെന്നവിധം നുകന്നു ഞാൻ.

59

അവന്തിരാജപ്രിയനന്ദിനിക്കുമേ
സുവന്ദ്യതൽസുന്ദരസംഗമം വിനാ
ദിവം തരും നിവൃതിയന്യമാ മനോ-
ഭവൻ തരിമ്പും തരളാക്ഷി!യേകുമോ?

60

ക്ഷമാവരക്ഷാമകുമാരിയെഗ്ഗത-
ക്ഷമാന്തരാനന്ദയെ മന്ദമന്ദമായ്,
സമാശ്വസിപ്പിച്ചു തുടങ്ങിയാ വച-
സ്സുമാച്ഛനത്താൽ'സ്സുമ'സൽസഖീമണി.

61

"മനോഭവച്ചൂടിലെരിഞ്ഞുമീവിധം
മനോരഥം തന്വി! വഹിക്കുവയ്യ നീ
വിനോന്നതസ്ഥാനമധഃപതിക്കുലെ-
ന്തിനോ വരിക്കുന്നു വരിഷ്ഠഭാവിനി!

62

കൃപാകരാശാവശയായി തന്വി! നീ-
യപാകരിയ്ക്കൊല്ലയവന്തിരാൾപദം
അപാകമട്ടാന്നവനീശവെൺപൂകൾ-
ക്ഷപാകരങ്കൽക്കരി തേയ്ക്കൊലാ ശുഭേ!

63

ദിനേശതേജസ്വി പിതാവുനിന്റെ യൌ-
വനേ വരാന്വേഷണജാഗരൂകനായ്,
അനേകരാജ്യങ്ങളിൽ വിട്ട ദൂതരെ-
ദ്ദിനേ, ദിനേ കാത്തു വസിയ്ക്കയല്ലയോ?

64

സുമാലതീസുസ്മിതദേവസുന്ദരീ-
സമാനസൌന്ദര്യമിയന്ന നന്ദിനി!
സമാശ്വസിയ്ക്കൂ! സരസീരുഹേക്ഷണേ!
സുമായുധക്ലാന്തികൾ സന്ത്യജിയ്ക്കണേ!

65

പരം പരിക്ലാന്തശരീര, വേദനാ-
പരമ്പരാധീന, പുരന്ധ്രിയോമന
പുരം പ്രവേശിപ്പതിനാശയറ്റുമ-
മ്പരം പൊഴിഞ്ഞാമ്മൊഴി ചൊല്ലി പിന്നെയും

66

"നലംപെട്ടും പ്രേമസമാനമല്ലയി-
കുലം ധനം തൊട്ട ഗുണങ്ങളൊന്നുമേ
അലം നമുക്കായനരക്തമഞ്ജുകൈ-
ത്തലം തരും താമരൊളിമേനി നിർവൃതി.

67

നിറഞ്ഞകത്താധിയൊടസ്ഫുടാക്ഷരം
നിറഞ്ഞ കത്തേകിയ നാളുതൊട്ടു ഞാൻ
പുറംപ്രദേശങ്ങളെ നോക്കിയെന്നെയും
മറന്നുപോയ്!-ജ്ജന്നലടുത്തു നില്ക്കവേ.

68

നിശാകരാനന്ദദസുന്ദരാനനൻ
വിശാലനീലോല്പലലോലലോചനൻ
കൃശാനുതേജസ്വിയുലാത്തുമന്തിയിൽ
കൃശാതപംപൂണ്ട പുരാന്തവീഥിയിൽ.

69

ഇടയ്ക്കിടയ്ക്കീ മണിമേടമോളിലാ-
യിടയ്ക്കു നീലാഞ്ജനമഞ്ജുകുന്തളൻ
വിടർന്ന നേത്രത്തൊടു നോക്കിനോക്കിയും
നടന്നിരുന്നു മമ ജീവനായകൻ.

70

വരന്റെ വണ്ടൊത്ത കചം വിലാസിസു-
ന്ദരം ദരസ്മേരമുഖാരവിന്ദവും
മരന്ദവാണീമണി! മായുകില്ലയ-
ന്തരംഗവാനിങ്കൽ നമുക്കു തോഴി! കേൾ.

71

ഒരിക്കലും നീ തടയേണ്ട ഞാനുടൻ
മരിക്കു വയ്യെന്ന വിചാരമേലുകിൽ
വരിക്കുമാത്തേശനെ ഭുവിൽ ജീവനോ-
ടിരിക്കിൽ ഞാനീവിധമെന്റെ നിശ്ചയം!

72

അകക്കുഴമ്പിന്നനുകമ്പവുണ്ടുതൻ
പകച്ച മയ്ക്കണ്ണിണകൊണ്ടു തന്വിയെ
അകമ്പഷാന്തഃകരണം കലന്നു ക-
ണ്ടകമ്പമാൻപേടകളമ്പരന്നുപോയ്!

73

നിലാവുവെൺപിച്ചകമാല കൈശിക-
ത്തിലായണിഞ്ഞെത്തങ്കിലുമംഗനാമണി
വിലാസമേലാതെ വിഷണ്ണയായിഭ്രു-
വലാരിതൻനന്ദിനി മാലിൽ മണ്ടിനാൾ.

74

"അവൻെറയാ വഞ്ചനയാഞ്ഞതടിസ്ഥയാ-
ലവന്യധീശാത്മജ വാടിയില്ലയോ?
എവൻ നമുക്കായവനാട്ടെ— ഞാൻ"... വിറ-
ച്ചവന്തിപൻ മന്ത്രിയൊടോതിയങ്ങിനെ.

75

"അനന്തരായം മകരന്ദ!- യീനില-
യ്ക്കനന്തയെക്കാത്തുവരും ദയാമയൻ
മനം തകന്നിങ്ങനെ മേവിടുന്നു ഞാ-
നനന്തസന്താപതരംഗപംക്തിയാൽ.

76

കുലക്കടൽക്കോളലകൂട്ടമമ്പിളി-
ക്കലക്കളിർക്കൊച്ചുകുമാരിയുവ്വശി
കുലച്ച പൂവില്ലെഴുമംഗജൻെറ കാൽ-
ക്കലല്ലലുൾപ്പൂക്ക കഴിപ്പു ജീവിതം.

77

ശരിക്കൊരാളില്ലനരൂപവല്ലഭൻ
വരിക്കുവാനോമലെയെങ്ങു മൂഴിയിൽ
ധരിച്ചിതെൻധീരകുമാരിയേവമാ-
ചരിക്കുവാൻ കാരണമെന്തു തന്മതം.

78

ശ്മശാനവല്ലീസുമമല്ല പട്ടട-
ക്കൃശാനുവിൽച്ചെന്നു പതിക്കുവാൻ മകൾ
നിശാകരാനന്ദിനി നന്ദിനിക്കു ദ-
ട്ട്ശാഗമം കേട്ടറിവുണ്ടു പണ്ടു ഞാൻ.”

79

വളത്ത പുത്രിക്കു വരുന്നൊരല്ലലോ-
ത്തിളക്കൂധീശൻെറ ഞരമ്പു സവ്വവും
തളച്ച് കൈവിട്ടു തുടിച്ചു തൽക്ഷണം
തിളച്ചുപൊങ്ങും തുടുചോരയോടവെ.

80

പൊട്ടന്നനെച്ചില്ലി വളച്ചു ലോചനം
തുടുത്ത തീക്കന്നൽ തെറിച്ചുടിക്കവേ
കടുത്ത കോപേന വികാരവൈകൃതൻ
പടുക്ഷമാനാഥനുരച്ചു പിന്നെയും.

81

“മരിച്ചപോലിന്നഭിമാനഭംഗവാൻ
ഭരിച്ചു ഭൂവെങ്ങിനെ ഞാൻ വസിച്ചിടും
ധരിച്ചുനോക്കുമകരന്ദ!-യെന്തുതാൻ
ശരിക്കിതിന്നുത്തരമൊന്നുരച്ചിടും!

82

ധരാതലത്തിൽപ്പടരുന്ന വൈരിഭീ-
കരാന്ധകാരം കരശക്തികൊണ്ടു ഞാൻ
നിരാമയം നീക്കിയ ദീപ്തിമട്ടിവാ-
കരാഭനിന്നേവരെ വെന്ന മന്നവൻ."

83

ശുകാംഗനീലത്തളബിംബിയുത്തരീ-
യകാഞ്ചനച്ചെങ്കസമുജ്ജ്വലിസ്സുവേ
സ്വകാസനാദ്ദുത്ഥിതനായുലാത്തിയാ
വികാരപര്യാകുലനുർവ്വരേശ്വരൻ.

84

ശരീരമൊന്നാകെ വിറച്ചു കോപസം-
പരീത രാജാവിനെ ലോകമൃച്ഛയിൽ,
മരീചിമാലിക്കെതിരായി നേത്രദ്ര-
ന്നിരീക്ഷ്യനായ് കണ്ടഴലാണ്ടു മേൽക്കുമേൽ.

85

"അവൻ വരിച്ചെൻ മകളേ ക്ഷമിച്ചു ഞാ-
നവന്തിരാട്ടെന്തിനു വാഴ്വു ഭൂമിയിൽ?
ദിവാംബുദംപോലൊരു പാറ പുൽകുമോ?
സുവർണ്ണസൌദാമനി സംഗമോത്സുക."

86

മദം പെടും കൊമ്പനുമമ്പുമാറുത-
ന്നുദന്തമോത്തുദ്ധതനാദ്ധരാധവൻ
പദം പരം താഴ്ത്തുറച്ചു കോപവാൻ
പദം പടുദ്ധ്വാനമൊട്ടുന്നിയോതിനാൻ.

87

കുലാഭിമാനത്തൊടു വീൎത്തു കാഞ്ചികാ-
കലാപകോലാഹലഭൂമിപാലകൻ
വിലാസി വാളൂരി വലാരിവില്ലെഴും
വലാഹകംപോലൊരു മൂളൽമൂളിനാൻ.

88

“കനിഞ്ഞു ലാളിപ്പൊരു രാജപുത്രിത-
ന്നനിന്ദ്യചാരിത്രവിഭൂഷ നിൎഭയം
തുനിഞ്ഞറുക്കാനെവനാ ഖലന്റെ ജീ-
വനിന്നുതാനറ്റുക! മൽഭടാധികൾ.”

89

നിശാധിനാഥാസ്യനിശാതമാ നിര-
ങ്കുശാജ്ഞ കേട്ടൊന്നു നടുങ്ങി നന്ദിനി
വിശാംപതിക്കുള്ള വികാരവൈഭവാൽ
വിശാലയാകും പുരി കണ്ണടച്ചുപോയ്!

90

“ഭടക്കു ഞാൻ ചോറു കൊടുപ്പതെന്തിനി-
ന്നുടൻ മദീയാജ്ഞ തടഞ്ഞതല്ല താൻ
നടത്തുകാരാണവിടെ”—ക്ഷമാധവൻ
പടന്ന കോപേന പറഞ്ഞു പിന്നെയും.

91

അരസ്സൂരപ്പട്ടയണിഞ്ഞതിന്നുമേ-
ലൊരഞ്ചിതത്തോലുറ തൂങ്ങിടുന്നവൻ
പരം പ്രശോഭിപ്പൊരു കുന്തമേന്തി ഭൂ-
വരന്റെ മുമ്പെത്തി വണങ്ങിയുന്നതൻ.

92

ധരിത്ര്യധീശാജ്ഞ ശരിക്കു സൎവ്വവും
ധരിച്ചു ഹൃത്താൽ ശിരസാ വഹിച്ചുമേ
തിരിച്ചു ഭൃത്യൻ നൃപപുത്രി മേടമേൽ
മരിച്ചപോലേ മരുവുന്നവേളയിൽ.

93

കരഞ്ഞു രാവമ്പിളി പോകെയന്നു വിൺ-
പുരം പ്രവേശിച്ചു പൊഴിച്ചു കണ്ണുനീർ
പുരന്ദരാശാഭൂവി പട്ടടത്തുട-
പ്പുരം പരത്തിപ്പരിചോട പാവകൻ.

94

കടൽക്കൊടുംകാററടികൊണ്ടു പൊട്ടിയു-
ള്ളുടം കുളിർക്കൊമ്പുമൊടിഞ്ഞു തൈമരം
കിടക്കയായൂഴിയിൽ വീണു മണ്ണിലാ-
ക്കടെക്കുലാലംബനഹീനവല്ലിയും.

95

ഇരമ്പിയന്നംബുധിയംബരം പൊളി-
ഞ്ഞരം പതിക്കുംപടി വൻപ്രകോപവാൻ
കരം തിരിക്കുന്ന കരാളരാജകി-
ങ്കരാളിയുക്കോടലറുന്നപോലവേ.

96

പുകൾപ്പെട്ടും രാട്ടിനെഴുന്ന ഭീകര-
പ്പുകക്കു കീഴ്പ്പെട്ടു പുരാന്തവാടിയിൽ
പകൽപ്പൂതുപ്പൊൻവെയിലത്തു നിശ്ചലം
പകച്ചുനിന്നൂ പല പിച്ചകങ്ങളും.

97

അടച്ചവന്തീശവപുസ്സു കണ്ടു ക-
ണ്ണടച്ചു നാട്ടാരൊരു ജീവനങ്ങിനെ
വിടച്ചു രാജാജ്ഞ പടുത്ത കല്ലുകൽ-
പ്പുടച്ചു മേലായ്ത്തല തല്ലിയദ്ദിനേ.

98

ചിരിച്ചു തെല്ലാപ്പുലർവേളയപ്പോഴേ
മരിച്ചു, മിന്നൽത്തെളിവാളുലച്ചുവേ
തരിച്ചു കാർകൊണ്ടലിരുണ്ട വിണ്ണിലും
ചരിച്ചു കണ്ണീരു പൊഴിച്ചു വല്ലികൾ.

99

വന്നീല വല്ലവിധവും രമണന്നു ശാന്തി
നിന്നീല പിന്നെയുടനുള്ള പിടഞ്ഞു പാഞ്ഞു
അന്നീലഭിത്തിതലബിംബി മുഖാംബുജാത്മ-
തനപീലലാമമമരും മുറി ലക്ഷ്യമാക്കി.

100

ആ രാഗതുന്ദിലഹൃദന്തരയന്നു പേർത്തും
ധീരാത്മനാഥനുടെ ജീവിതഭാവിയോർത്തും
തോരാത്തൊരശ്രു തുകിൽകൊണ്ടു തുടച്ചു വേർത്തും
തീരാത്ത നഷ്ടമൊടു മേവിയിരുന്നു വീർത്തും.

101

ആ നേരമാരുമവലംബമെഴാതെ തന്ന-
ത്താനേ സുവർണ്ണവസനാഞ്ചിതമെത്തതന്മേൽ
മാനേലുമക്ഷി മരുവിപ്പുലരിത്തുടപ്പിൽ
വാനേറുമാവിളറുമമ്പിളിലേഖപോലെ.

102

ആലോലലോചനപുടങ്ങളുരോജകുംഭ-
മാലോകനീയതരമശ്രു പൊഴിച്ചു മുക്കി,
ആലോഭനീയകബരീഭരയല്പനേര-
മാലോചനയ്ക്കു നിജചിത്തമധീനമാക്കി.

103

എന്തോ പറഞ്ഞു തല പൊക്കി ഞെളിഞ്ഞുനിന്നോ-
നെൻതോഴി മുമ്പിലൊരുവേള വിവേകശൂന്യ
പൂന്തോപ്പിൽ വെച്ചവൾ പറഞ്ഞതിനുത്തരത്തെ
ഞാൻ തോററു ചൊല്ലതിനനീശ്വരയന്നധന്യ.

104

കില്ലേതുമില്ല മമ വല്ലഭനെപ്പിതാവു
കൊല്ലേണമെന്നു കഠിനാജ്ഞ കൊടുത്തുപോയി!
ഇല്ലേ, നമുക്കുദയവൎമ്മകുമാരികള്ള
തെല്ലേവമാകിൽ ഹതജീവിതവാഞ്ഛര നൂനം.

105

എന്തക്രമം പഴയ കച്ച കുലാഭിജാത്യ-
മന്തംവരുത്തി രമണന്നു ജയിച്ച മന്നൻ!
എൻതപ്തബാഹുലത കെട്ടുകയില്ല മററു-
കാന്തനെൻറ കണ്ഠമതു താതനു തീച്ചയില്ല.

106

പ്രേമത്തെയല്പനണുവും വിലവെച്ചിടാതെ-
യീ മന്നിലിങ്ങിനെ വിധിച്ചതു കുററമല്ല;
ത്തുമപ്പെട്ടും പുകളെഴുമിക്കുട മന്നർ ചൂട-
മോമൽക്കുമാരി വിരഹാതുരതപ്തയായും.

107

ആ വാരെഴും മണിയറസ്ഥകമേവമോൎത്തു
ജീവാധിനാഥ മരുവുംപൊഴുതാത്മനാഥൻ
ചാവാതെ വന്നു പടയാളിയുലച്ച മിന്നൽ-
ക്കൈവാൾത്തിളക്കമൊളികൂട്ടുവതിന്നു മുന്നിൽ.

108

പാരം കിതച്ചു പരുഷല്ലുഥധൂമ്രകേശ-
ഭാരം ചുരുണ്ടു ചുമലാണ്ടൊരു ദീഘഗാത്രൻ
ധീരൻ യുവാവണയെ ഭാവനകൊണ്ടു വേട്ട
ദാരങ്ങളാദരമൊടാസ്തരണം വെടിഞ്ഞാൾ.

109

ജീവൻ കിടന്നുപിടയുന്ന പളുങ്കണിക്കു-
ടാ വല്ലഭന്നുടയ വേൎത്തു വിളത്ത മേനി
ദൈവം കൊടുത്ത കനിപോലെ വരാംഗി കണ്ടു
പാവം! കുറിച്ചിടുവതെങ്ങിനെ തൂലികേ! നീ.

110

കൺപീലിയിൽപ്പൊടിയുമശ്രുകണം തുടച്ചു
തൻപീഠമാഗതനിരിയ്ക്കുവതിന്നു നീക്കി
വെമ്പീടുമാ പ്രണയതുന്ദിലയംബുജക്കൈ
കൂമ്പീടുമുവ്വശി വണങ്ങിയൊതുങ്ങി നിന്നാൾ.

111

കൊല്ലാൻ വിധിച്ചളവു കാണുവതിന്നുമെന്തോ
ചൊല്ലാനുമുണ്ടു കൊതി കാന്തനൊടപ്പൊഴെയ്യും
മല്ലാക്ഷിയുക്കൊടൊഴുകും മിഴിനീരിൽ മുങ്ങി
വല്ലാതെയല്ലലൊടു വിഹ്വലചിത്തയായാൾ.

112

കൈലേസ്സിനാലെ മലിനാനനമൊപ്പിനിന്നു
ചാലേ ദ്രവിച്ചു ഹൃദയം പ്രണയാൎദ്ദ്ര നോക്കി
“മാലേതുമുള്ളിലിയലാസ്സലസാംഗി!-യെൻപി-
ന്നാലേ..”തടഞ്ഞു മൊഴിയിങ്ങിനെയൊന്നുതേങ്ങി.

113

ഞാനേഴ ജീവിതമനോരഥമേററി നിന്നെ-
ത്താനേ നയിക്കുവതിനുർവ്വശി! ചെമ്പൽക്കുട്ടി
ഈ നേരമെന്റെ നിലയെങ്ങിനെയിത്ര ഭാഗ്യ-
വാനേ,—നിനക്കുടയ വല്ലഭനോമനേ! ഞാൻ.

114

നീ കേണിടേണ്ട, നിമിഷത്തിനകം മരിച്ചു-
പോകേണ്ടിവന്നൊരിവനംഗസുഖാവഗാഹം,
ഏകേണമിപ്രണയതുന്ദിലമാറുമാത്ര-
മാകേണമെന്നുടയ മോക്ഷസമാധിവേദി!

115

കാന്താനുഗാമിനൃപഭൃതർ വരുന്നതിൻമുൻ-
താൻ താളുപോലെ തളരും തരുണന്റെ ദേഹം
താൻ താങ്ങി ചെന്തളിരിളംമൃദുപാണികൊണ്ടു
താന്താംഗി തെല്ലിട കനിഞ്ഞു തലോടിനിന്നു.

116

ചാവാനൊരുങ്ങുമളവംഗമലങ്കരിക്കു-
മാ വാമതൻ മൃദുലപല്ലവപാണിയോഗം,
ദൈവാലവന്നലിവിലന്നു ലഭിച്ചുപോയി!
ദ്യോവാനമിക്കുമൊരു നിർവ്വൃതി വന്നുപോയി!

117

ഓരോ വിചാരഭരഗൽഗദകണ്ഠയായി-
ഗ്ഗീരോതിയില്ല രമണീമണി നിന്നനില്പിൽ
വാരോലുമംഗലതയങ്ങിനെ ചേർത്തു കാന്തോ-
ദാരോപരഞ്ജിതവപുസ്സൊടു തെല്ലുനേരം.

118

ശാന്താതപത്തിലിതൾക്കുമ്പുവതിന്നടുത്ത
ചെന്താമരയ്ക്കെതിർമുഖം കലരും കൃശാംഗി
സന്തപ്തയായയറയിലോമനമേനി ഹേമ-
കാന്താംബരപ്രഭയുയത്തിയെണീറ്റു നിന്നു.

119

ആ രക്തദമ്പതികൾതൻറെ പടങ്ങളുള്ളൊ-
രാ രത്നഭിത്തി പരവണ്ണിനി നോക്കി, നോക്കി,
നേരററ മാലൊടിടനെഞ്ഞു പൊടിഞ്ഞു വീത്ത-
നേരത്തുനിന്നു നിലവിട്ടു കരഞ്ഞുപോയി!

120

എന്താചരിയ്ക്കുവതിനും മതിവന്നിടാതെ
ചിന്താനിമഗ്നരിരുപേർകൾ പകച്ചുനിന്നു
ചെന്താർദളങ്ങൾ വിതറി പ്രണയാർദ്രപൂജ
താന്താശ്രുവണ്ണമിഴികൊണ്ടു കഴിച്ചിരുന്നു.

121

"ഇല്ലിന്നു മററുഗതിയെന്തിനു ജീവനോടേ
കൊല്ലിച്ചു നന്ദിനിയെയച്ഛനവന്തിനാഥൻ"
കല്ലിന്നുകൂടി കരളൊന്നലിയുംവിധത്തിൽ
ചൊല്ലിത്തുടിച്ചു ഹൃദയം വിറപൂണ്ടു തമ്പി.

122

"ജീവാധിനാഥമരണം ഭടർതൻ കരാള-
ക്കൈവാളുകൊണ്ടരുതു—" മാനിനിയേവമോത്തു
ആ വാരണിക്കളിരളുക്കിൽ വിഷം ധരിച്ചു
ചാവാതെ ചത്തു തരുണന്നു കൊടുത്തു മോന്താൻ.

123

എൻതാതനുള്ള നിലയെങ്ങിനെയായിരിക്കും?
എന്താണു ഞാനിനി നടത്തുകവേണ്ട കൃത്യം
ചിന്താതരംഗിതഹൃദന്തര വീർത്തു വീർത്തു
ചെന്താമരാക്ഷി ചഷകത്തിലുതിർത്തു കണ്ണീർ.

124

പാരം വിറച്ച കരമാന്റു മുടക്കി ധീര-
മാരംഭമാക്കനക കങ്കണരിംഖണങ്ങൾ
നീരന്ധ്രവേണി പദവും വഴുതാതെ തെല്ലു-
നേരം കിതച്ചറയിലെങ്ങിനെ നിന്നിതാവോ?

125

സാരിക്കരെക്കസവൊഴുക്കിൽ വിടത്തി നീരി-
ത്താരിന്നുവക്ത്രകരമങ്ങിനെ നെഞ്ചിൽ വെച്ചു
നേരിട്ടുനില്ക്കുവൊരു നാഥനെയൊന്നു നോക്കി
പൂരിച്ച മാലിൽ മരവിച്ചു പകച്ചുപോയി!

126

ഹാലാഹലത്തിനുടെ നീലിമപൂണ്ടു തങ്ക-
ക്കോലായ കോലമവലംബമടന്നുവീണു
ബാലാതപപ്രഭ പുരണ്ടൊളിപൂണ്ടൊരിന്ദ്ര-
നീലാചലം മുടിയിടിഞ്ഞു പതിച്ചപോലെ.

127

തചിട്ടേന്തിടും തളിർ കരിഞ്ഞിടിവാളിനാഞ്ഞു
വെട്ടേറ്റു വീണ വളർവല്ലരിയെന്നപോലെ
വിട്ടേണലോലമിഴി ചേതന നാഥവെൺമാർ-
ത്തട്ടേറ്റുകൊണ്ടുമവലംബനമാക്കി വീണു.

128

പാരം ഭയങ്കരതരം മരണം വിഴുങ്ങു-
ന്നേരം പിടഞ്ഞ രമണാംഗമലം പുണൎന്നു
ദാരങ്ങൾ മോഹവിവശാന്തരയായുമന്നു
സാരംപെടും പ്രണയമാമമൃതം നുകൎന്നു!

129

വ്യാമോഹമാകുമൊരുറക്കമുണൎന്നു പൂൎണ്ണ-
സോമോപമാസ്യ യുടവാളുടനൊന്നെടുത്തു!
ആ മോടിപൂണ്ട ജനലിൻ ഞറിയാൽത്തദീയ-
ഭീമോഗ്രകൃത്യമരുതെന്നനിലൻ വിലക്കി.

130

പ്രാണൻ വെടിഞ്ഞു പകൽ ചോര വമിച്ചിരുണ്ടു
വീണംബരം വ്രണിതമാക്കിയ വേളയിങ്കൽ
കേണന്നു കോമളകളേബര, കണ്ണുനീരി-
ലാണന്തിയങ്ങിനെ കരഞ്ഞു കരഞ്ഞു മാഞ്ഞു!

131

ആടീലയൊറ്റയിലകൂടി വിറങ്ങലിച്ചു
കൂടീ ജഗത്തു പലതാരകളമ്പരന്നു!
തേടീ കരാളകരവാളരചാത്മനാഡി
നേടീ വരാനുഗമനാമലപൂൎണ്ണലോകം!

132

കാറാളിടും കബരിയാൾക്കലർമാല കോൎത്തു
കൂറാൎന്ന തോഴിയറപ്പുക്കൊരു കാഴ്ച കണ്ടു
വേറായഭിജ്ഞയിണചേൎന്നിരുപേർകൾ ചോര-
യാറാടി—യെന്റെ ശിവനേ! കവി മൎത്ത്യനല്ലേ?

133

വാളായ മിന്നൽ ചിതറീട്ടലറുന്ന കൊണ്ടൽ-
ക്കാളായസാംഗപടുകിങ്കരരോടിവന്നു
ആളായതില്ലവിടെയപ്പൊഴുതെത്തിനോക്കാ-
നാളാരുമാസ്ഥലമലം ഭയമൂകമല്ലീ!

134

ആ നിത്യതൃപ്തയുടെ നിർമ്മലരാഗമന്നു
വാനിൻ വിശാലത വിളംബരമാക്കിനില്ലേ,
ഗ്ലാനിപ്പെടും നൃപതിതൻ നിലയോർത്തുനോക്കു-
വാനില്ല ഞാനുടനെ നിർത്തുക! തൂലികേ! നീ.

(സമാപ്തം)

135824
O32:1N0592:11
H7

UNIVERSITY LIBRARY.
13 DEC 1947
MADRAS.

16SEP19

O32:1N0692:11 HZ ŪRVASI NAYAR